No.AWWF/PCL3/729/16.

കേരള അങ്കണവാടി വർക്കേഴ്സ് ആന്റ്
ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 16.06.2016

## സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - കേരള അങ്കണവാടി ക്ഷേമനിധി ബോർഡ്, ആനുകൂല്യങ്ങൾ - അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 23.05.2016 ലെ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡ് മീറ്റിംഗ് തീരുമാനം.

അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡിന്റെ മീറ്റിംഗ് 23.05.2016 ന് ക്ഷേമനിധി ഓഫീസിൽ വച്ച് കൂടി. ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന കാര്യം വിശദമായി ചർച്ച ചെയ്തു.

പെൻഷനും ഗ്രാറ്റുവിറ്റിയും ഒഴുകെയുള്ള മറ്റ് ആനുകൂല്യങ്ങൾക്കുവേണ്ടി ക്ഷേമനിധി അംഗങ്ങൾ നൽകുന്ന അപേക്ഷ സിഡിപിഒ, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അയയ്ക്കുന്നത് അതാത് ജില്ലകളിൽ ചാർജ്ജുള്ള ക്ഷേമനിധി ബോർഡ് അംഗം കൂടി സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന് തീരുമാനിച്ചു. ക്ഷേമനിധി ആനുകൂല്യം നൽകുന്നതിനുള്ള കാലതാമസം ഒഴുവാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇതിനാവശ്യമായ തുടർനടപടികൾ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ കൈക്കൊള്ളേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ചീഫ് എക്സിക്യൂട്ടീവ് ആഫീസർ.**

To,

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ് :

1. ചെയർപേഴ്സൺ
2. സ്റ്റോക്ക് ഫയൽ